## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 830** **06/06/2018-ൽ മറുപടിയ്ക്ക്**

**<u>പട്ടികവിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. ഇ.എസ്.ബിജിമോൾ<br>,, ഗീതാ ഗോപി<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ :** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികവിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന 'വാത്സല്യനിധി', 'ഗോത്ര വാത്സല്യനിധി' എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിൽ 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തി നടപ്പിലാക്കി വരുന്ന വാത്സല്യനിധി പദ്ധതിയിൽ 01/04/2017 മുതൽ ജനിച്ച 2555 പെൺകുട്ടികൾക്കായി 39,000/- രൂപ വീതം ഫസ്റ്റ് ഇൻസ്റ്റാൾമെന്റ് ഇനത്തിൽ എൽ.ഐ.സിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ കെൽട്രോണുമായി ചേർന്ന് ഉടൻ പ്രാബല്യത്തിൽ കൊണ്ടു വരുന്നതിനുള്ള അവസാന ഘട്ടത്തിലാണ്.<br><br>ടി പദ്ധതിയ്ക്കായി നാല് ഇൻസ്റ്റാൾമെന്റുകളിലായി 39,000/-, 36,000/-, 33,000/-, 30,000/- എന്നിങ്ങനെ 1,38,000/- രൂപ, പദ്ധതിയിൽ ഉൾപ്പെടുന്ന ഓരോ കുട്ടിയുടെയും പേരിൽ എൽ.ഐ.സിയിൽ സർക്കാർ വിഹിതമായി നിക്ഷേപിക്കും.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി ആവിഷ്കരിച്ച ഗോത്ര വാത്സല്യനിധി പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം കണ്ടെത്തിയ 801 കുട്ടികളിൽ എല്ലാ രേഖകളും ഹാജരാക്കിയ 558 പെൺകുട്ടികളെ ഇൻഷ്വർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷം ഇൻഷ്വർ ചെയ്യേണ്ട കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചു വരികയാണ്.<br><br>ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് ലഭിക്കുമ്പോൾ ആദ്യഗഡുവായി 39,000/- രൂപയും പെൺകുട്ടിക്ക് 5 വയസ് പൂർത്തിയാകുമ്പോൾ 2-ാം ഗഡുവായി 36,000/- രൂപയും, 10 വയസ് പൂർത്തിയാകുമ്പോൾ 4-ാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 3-ാം ഗഡുവായി 33,000/- രൂപയും, 15 വയസ് പൂർത്തിയാകുമ്പോൾ 4-ാം ഗഡുവായി 30,000/- രൂപയും, ഉൾപ്പെടെ 1,38,000/- രൂപ സർക്കാർ വിഹിതമായി അടയ്ക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളിലെ സർക്കാർ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം നല്കുമോ? | (സി) | ഗോത്ര വാത്സല്യനിധി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിയ്ക്ക് 2 വയസ് പൂർത്തിയായി പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2000/- രൂപയും 5 വയസ് പൂർത്തിയായി സ്കൂളിൽ / അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000/- രൂപയും 10 വയസ് പൂർത്തിയായി 4-ാം ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ 5000/- രൂപയും 10-ാം ക്ലാസ് പഠനം പൂർത്തിയാകുമ്പോൾ 10,000/- രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ടി കുട്ടിക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു.<br>1. അപകടമരണം സംഭവിച്ചാൽ 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.<br>2. സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.<br>3. കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.<br>ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകല്യം ലഭിക്കുന്നു.<br>1. അപകടംമൂലം പൂർണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപയും ലഭിക്കുന്നു.<br>2. അപകടംമൂലം ഭാഗീകമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപയും ലഭിക്കുന്നു.<br>പട്ടികജാതി വികസന വകുപ്പിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

പട്ടിക ജാതി വികസന വകുപ്പ്

## അനുബന്ധം

1) പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- (മൂന്നു ലക്ഷം) രൂപ (Assured Amount) നൽകുന്നു.

L.I.C. നൽകുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ

ആകസ്മിക മരണത്തിന്

| | | |
|---|---|---|
| വരുമാനദായകൻ | സാധാരണ മരണം<br>അപകട മരണം | 2,00,000/-<br>4,00,000/- |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം<br>അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 1,00,000/-<br>2,00,000/- |
| മറ്റ് രക്ഷ കർത്താവ് | സാധാരണ മരണം<br>അപകട മരണം | 30,000/-<br>30,000/- |
| കുട്ടി | | 30,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി L.I.C. കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിനു ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിനു ശേഷമാണ് ഇൻഷ്വറൻസ് കവറേജ് |

വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ

| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9,10,11,12 | 1200/- രൂപ ഓരോ വർഷവും |
| സഹോദരനോ, സഹോദരിയ്ക്കോ | 9,10,11,12 | 1200/- രൂപ ഓരോ വർഷവും |

സെക്ഷൻ ഓഫീസർ